**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1171 01-07-2015 -ൽ മറുപടിക്ക്

## കാലവർഷ ദുരന്ത നിവാരണ സംവിധാനങ്ങളുടെ രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം.ഉമ്മർ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | കാലവർഷത്തോടനുബന്ധിച്ചുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും പ്രതിരോധിക്കുന്നതിനും സർക്കാർ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ദുരന്തമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; പ്രവർത്തനങ്ങൾ വിശദമാക്കാമോ? | ബി) | ഉണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ എന്ന നിലയിൽ പ്രിൻസിപ്പൽ സെക്രട്ടറി റവന്യൂ ദുരന്ത നിവാരണ വകുപ്പ്, 26/5/2015- ൽ സംസ്ഥാനത്തെ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചു ചേർക്കുക യുണ്ടായി. പ്രസ്തുത യോഗ തീരുമാന പ്രകാരം 29-നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും വിവിധ വകുപ്പ് മേധാവികൾക്കും നടപ്പിലാക്കുവാനായി നൽകിയിട്ടുണ്ട്. മഴക്കാല ദുരന്തങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ തയ്യാറെടുപ്പു കൾക്കാണ് പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയിരുന്നത്. കൂടാതെ ഏപ്രിൽ 2015 മുതൽ വർധിപ്പിച്ച തോതിൽ ദുരിതാശ്വാസം നൽകുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളടങ്ങിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എല്ലാ ജില്ലകളിലെയും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം, ഇടിമിന്നൽ, ഭൂമികുലുക്കം എന്നീ ദുരന്ത സാധ്യതകളുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തി എല്ലാ ജില്ലാ കളക്ടർമാർക്കും ഭൂപടമായും പട്ടികയായും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ